**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5690** **08-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിൽ കോച്ചിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. പ്രാദേശിക-ആസ്തി വികസന ഫണ്ടുപയോഗിച്ചുകൊണ്ട് ഏതെല്ലാം മണ്ഡലങ്ങളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിന് ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ; | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന ഉത്തരവ് പ്രകാരവും നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന ഉത്തരവ് പ്രകാരവും മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നത് അനുവദനീയമല്ല. എന്നാൽ മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയ്ക്കും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കെട്ടിട നിർമ്മാണത്തിനും പ്രത്യേക അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | (ബി) | നിലവിലെ നിയമ പ്രകാരം പ്രസ്തുത പ്രവൃത്തി അനുവദനീയമല്ലാത്തതിനാൽ ഇത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ